# കേരളസർവകലാശാല

നം.പി.ആർ.239/2021

## പത്രക്കുറിപ്പ്

### പരീക്ഷ തീയതി

കേരളസർവകലാശാല ഒന്നാം സെമസ്റ്റർ എം.എ/ എം.എസ്.സി / എം.എസ്.ഡബ്ള്യു/ എം.കോം (New Generation Courses) പരീക്ഷകൾ 2021 നവംബർ 23 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബർ 15 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.എ/ എം.എസ്.സി / എം.കോം/ എം.എം.സി.ജെ ( റെഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്, മേഴ്സി ചാൻസ്) പരീക്ഷകൾ 2021 നവംബർ 22 ന് ആരംഭിക്കുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 നവംബർ 15,16 തീയതികളിൽ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും 17-ാം തീയതി ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ പരീക്ഷാകേന്ദ്രങ്ങളിലും നടത്താനിരുന്നതും മാറ്റിവെച്ചതുമായ നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി ബോട്ടണി, സുവോളജി (എഫ്.ഡി.പി) (റെഗുലർ-2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018-അഡ്മിഷൻ,സപ്ലിമെന്ററി -2015, 2016 & 2017 അഡ്മിഷൻസ്,മേഴ്സി ചാൻസ്- 2013 അഡ്മിഷൻ)പ്രാക്റ്റിക്കൽ പരീക്ഷകൾ യഥാക്രമം 2021 നവംബർ 22, 23, 24 തീയതികളിൽ നടത്തുന്നതാണ്.

കേരളസർവകലാശാലയുടെ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് - 2020 സ്കീം വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ റെഗുലർ ബി.ടെക് ഡിഗ്രി പരീക്ഷ നവംബർ 2021 ന്റെ ഭാഗമായുള്ള പരീക്ഷകൾ 2021 നവംബർ 29 ന് ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 19 മുതൽ കോളജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് www.ucek.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9037119776, 9388011160, 9447125125.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ഫെബ്രുവരി മാസം നടത്തിയ മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2021 നവംബർ 19, 20, 22 തീയതികളിൽ ഇ.ജെ X (പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

തിരുവനന്തപുരം,
18.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675** |